കേരളസർവകലാശാല
Re-accredited by NAAC with A++ GRADE

നം.പി.ആർ.08 (a)/2024 തിരുവനന്തപുരം, തീയതി: 10/01/2024

# പത്രക്കുറിപ്പ്

## വിശാഖപട്ടണത്തിലെ ആന്ധ്ര യൂണിവേഴ്സിറ്റിയിൽ നടന്ന 37-മത് ദക്ഷിണ മേഖല അന്തർ സർവകലാശാല കലോത്സവത്തിൽ കേരളസർവകലാശാല റണ്ണറപ്പ് ആയി

വിശാഖപട്ടണത്തിലെ ആന്ധ്ര യൂണിവേഴ്സിറ്റിയിൽ നടന്ന 37-മത് ദക്ഷിണ മേഖല അന്തർ സർവകലാശാല കലോത്സവത്തിൽ കേരളസർവകലാശാല റണ്ണറപ്പ് ആയി. നാല് സംസ്ഥാനങ്ങളിലെ 23 സർവകലാശാലകൾ പങ്കെടുത്ത വാശിയേറിയ മത്സരത്തിൽ ഒരു പോയിന്റ് വ്യത്യാസത്തിലാണ് കേരള സർവകലാശാല റണ്ണറപ്പ് ആയത്. മൊത്തം നടന്ന 28 മത്സരയിനങ്ങളിൽ കേരളസർവകലാശാലയിൽ നിന്നും 47 വിദ്യാർത്ഥികൾ പങ്കെടുക്കുകയും, 7 ഒന്നാം സ്ഥാനം ഉൾപ്പടെ 25 ഇനങ്ങളിലും സമ്മാനം കരസ്ഥമാക്കിയ കേരളസർവകലാശാല 16 ഇനങ്ങളിൽ ദേശീയ കലോത്സവത്തിലേക്ക് യോഗ്യത നേടി. ആന്ധ്ര സർവകലാശാല അങ്കണത്തിൽ നടന്ന സമ്മാനദാന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ.കെ.സാമന്ത ഉദ്ഘാടനവും സമ്മാനദാനവും നിർവഹിച്ചു. കലോത്സവ വിജയികൾ സമ്മാനം ഏറ്റുവാങ്ങിയ ചടങ്ങിൽ D.S.S. ഡയറക്ടർ ശ്രീ.സിദ്ധിഖ് ആർ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ.നിതിൻ എൻ. എസ്., ശ്രീ.അമീർ. എ. കെ., ശ്രീ.സരിത് ആർ., ശ്രീമതി.അഞ്ജലി ആർ. പിള്ള എന്നിവർ പങ്കെടുത്തു.

**(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240